**ശബരിമല മണ്ഡല – മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി**

ഈ വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് കാലതീർത്ഥാടന ത്തോടനുവന്ധിച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് അതിർത്തിയിൽ അയ്യപ്പ ഭക്തർക്കായി വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ A.V.ജോർജ്ജ്.IPS അവർകൾ അറിയിച്ചു.

ശബരിമല തീർത്ഥാടകരുടെ സുരക്ഷയ്ക്കായി രാത്രികാല പോലീസ് പട്രോളിംഗ് ശക്തമാക്കുവാനും വാഹനപരിശോധന കർശനമാക്കുവാനും റൂറൽ ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

ശബരിമല തീർത്ഥാടകർ സഞ്ചരിക്കുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ, യാത്രാക്ഷീണത്താൽ ഡ്രൈവിങ്ങിനിടയിൽ ഉറങ്ങുന്നതുവഴി അപകടം സംഭവിക്കാതിരിക്കാനായി, മൂവാറ്റുപുഴ വെള്ളൂർക്കുന്നം മഹാദേവ ക്ഷേത്രം, കാലടി അദ്വൈതാശ്രമ പരിസരം, അങ്കമാലി വേങ്ങൂർ ക്ഷേത്രപരിസരം എന്നിവടങ്ങളിൽ പോലീസിൻെറ മേൽനോട്ടത്തിൽ ചുക്കുകാപ്പി വിതരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

തീർത്ഥാടകരുടെ വാഹനങ്ങൾ അലക്ഷ്യമായി റോഡരുകിലും മറ്റും പാർക്കിംഗ് നടത്തരുതെന്നും, ആയത് അപകടം ക്ഷണിച്ചുവരുത്തുമെന്നും പോലീസ് അറിയിച്ചു.

തീർത്ഥാടകർക്കുള്ള ഇടത്താവളങ്ങളിലും മറ്റും പോലീസിൻെറ സേവനം ഏതു സമയത്തും ലഭ്യമാക്കുമെന്നും, ആയതിലേക്കായി താഴെ പറയുന്ന ഫോൺ നമ്പറുകൾ തീർത്ഥാടർക്ക് ഉപയോഗപ്പെടുത്താമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

| | |
|---|---|
| ജില്ലാ പോലീസ് മേധാവി | – 9497996979 |
| ആലുവ DySP | – 9497990077 |
| പെരുമ്പാവൂർ DySP | –9497990078 |
| മൂവാറ്റുപുഴ DySP | –9497990079 |
| സ്പൈഡർ കൺട്രോൾ റൂം, ആലുവ | – 9497980500 |

| | |
|---|---|
| Nearest Police station | **100** |
| Traffic Alert | **1099** |
| Highway Alert | **9846100100** |
| Highway Alert | **9497900000** ( For SMS) |
| Police Helpline | **0471-324 3000/4000/5000** |
| SMS to Police Control Room | **0124100** |
| Traffic Helpline Numbers | **9213020404** |
| Senior Citizens Helpline | **0124-2221559** |
| Toll Free Number to Report For Suspicious Person | **1090** |
| AIG Traffic Control Room | **0184-2283199** |